# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ ശുശ്രൂഷക്രമം

**2020 നവംബർ 14 ശനിയാഴ്ച്ച, 8 എ. എം.,**

## മലങ്കര മാർത്തോമ്മാ സുറിയാനി സഭ
## മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ ശുശ്രൂഷക്രമം

**പ്രവേശന ശുശ്രൂഷ**
***(പട്ടക്കാർ, മേല്പട്ടക്കാർ, നിയുക്ത മെത്രാപ്പോലീത്താ ഈ ക്രമത്തിൽ ദേവാലയത്തിലേക്ക് പ്രവേശിക്കുന്നു.)***

യാഹെന്ന ദൈവം എൻ ഇടയനഹോ
യാതൊരുകുറവുമില്ലെനിക്കിനിയും
പച്ചപ്പുൽപ്പുറത്തെന്നെ കിടത്തുന്നവൻ
നിശ്ചലജലം എന്നെക്കുടിപ്പിക്കുന്നു. – യാഹെന്ന

സന്തതമെന്നുള്ളം തണുപ്പിക്കുന്നു
തൻതിരുപ്പാതയിൽ നടത്തുന്നെന്നെ
കൂരിരുൾ താഴ്വരയതിൽ നടന്നാൽ
സാരമില്ലെനിക്കൊരുഭയവുമില്ല –യാഹെന്ന

ഉന്നതനെന്നോടു കൂടെയുണ്ട്
തന്നിടുന്നാശ്വാസം തൻവടികോൽ
എനിക്കൊരുവിരുന്നു നീ ഒരുക്കിടുന്നു
എന്നുടെ വൈരികളിൻ നടുവിൽ –യാഹെന്ന

ശിരസിനെ അഖിലവും അനുദിനവും
പൂശുന്നു സൗരഭ്യ തൈലമതാൽ
എന്നുടെ പാനപാത്രം ദിനവും
ഉന്നതൻ കരുണയാൽ കവിഞ്ഞിടുന്നു. – യാഹെന്ന

നന്മയും കരുണയും എന്നായുസ്സിൽ
ഉൺമയായ് തുടർന്നിടും ദിനവുമഹോ
സ്വർഗ്ഗീയ ആലയം തന്നിലെ ഞാൻ
ദീർഘകാലം വസിക്കും ശുഭമായ് – യാഹെന്ന

***(നിയുക്ത മെത്രാപ്പോലീത്താ, മേല്പട്ടക്കാർ, വികാരി ജനറാൾ, നിർദ്ദിഷ്ട പട്ടക്കാർ എന്നിവർ മദ്ബഹായിൽ പ്രവേശിക്കുന്നു. ജനങ്ങൾ എഴുന്നേറ്റു നിൽക്കുന്നു.)***

***വിശുദ്ധ കുർബ്ബാന ആരംഭിക്കുന്നു***

**മുഖ്യ കാർമ്മികൻ: റൈററ് റവ. ഡോ. യുയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പാ**
**ധ്യാനപ്രസംഗം : റൈറ്റ്.റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ**

***(ദൈവസുതർ......................... ഗാനത്തിനു ശേഷം സ്ഥാനാരോഹണ ശുശ്രൂഷ ആരംഭിക്കുന്നു)***

## 122-ാം സങ്കീർത്തനം *(വാക്യം പ്രതിവാക്യമായിട്ട്)*

പട്ടക്കാരൻ: യഹോവയുടെ ആലയത്തിലേക്ക് നമുക്കു പോകാം എന്നു അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.

**ജനം: യരുശലേമേ, ഞങ്ങളുടെ കാലുകൾ നിന്റെ വാതിലുകൾക്കകത്തു നിൽക്കുന്നു.**

പട്ടക്കാരൻ: തമ്മിൽ ഇണക്കിയ നഗരമായി പണിതിരിക്കുന്ന യരുശലേമേ, അവിടേക്കു ഗോത്രങ്ങൾ യഹോവയുടെ ഗോത്രങ്ങൾ തന്നെ, യിസ്രായേലിൽ സാക്ഷ്യത്തിനായി യഹോവയുടെ നാമത്തിന് സ്തോത്രം ചെയ്‌വാൻ കയറിച്ചെല്ലുന്നു.

**ജനം: അവിടെ ന്യായാസനങ്ങൾ, ദാവീദ് ഗൃഹത്തിന്റെ ന്യായാസനങ്ങൾ തന്നെ ഇരിക്കുന്നു.**

പട്ടക്കാരൻ: യരുശലേമിന്റെ സമാധാനത്തിനായി പ്രാർത്ഥിപ്പിൻ, നിന്നെ സ്നേഹിക്കുന്നവർ സ്വൈരമായിരിക്കട്ടെ.

**ജനം: നിന്റെ കൊത്തളങ്ങളിൽ സമാധാനവും നിന്റെ അരമനകളിൽ സ്വൈരവും ഉണ്ടാകട്ടെ എന്നു ഞാൻ പറയും**

പട്ടക്കാരൻ: നമ്മുടെ ദൈവമായ യഹോവയുടെ ആലയം നിമിത്തം ഞാൻ നിന്റെ നന്മ അന്വേഷിക്കും

**ജനം: ദൈവമേ സ്തുതി നിനക്ക് യോഗ്യമാകുന്നു........ ബാറക്മോർ**

പട്ടക്കാരൻ: പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

**ജനം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും എന്നന്നേക്കും രണ്ടു ലോകങ്ങളിലും ചിന്തപ്പെടുമാറാകേണമേ ............ ആമ്മീൻ**

### <u>പ്രാർത്ഥന</u>

മേൽപട്ടക്കാരൻ: ആടുകളുടെ വലിയ ഇടയനായ ഞങ്ങളുടെ കർത്താവേ, തിരുരക്തം കൊണ്ട് വീണ്ടെടുത്ത നിന്റെ സഭയ്ക്കുവേണ്ടി നിനക്കു സ്തോത്രം ചെയ്തു ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു. അതിൽ നീ നിയമിച്ചിട്ടുള്ള എല്ലാ ഇടയന്മാരേയും നിന്റെ ജ്ഞാനംകൊണ്ടും കൃപകൊണ്ടും നിറയ്ക്കേണമേ. അവരുടെ വിചാരണയിൽ നീ കൊടുത്തിട്ടുള്ള ആടുകളുടെ കൂട്ടത്തെ നിന്റെ പുൽമേടുകളിൽ മേയ്പാനും, നിന്റെ ജീവന്റെ നീർച്ചാലുകളിൽ നിന്ന് കുടിപ്പാനും നിന്റെ വഴികളെ അവർക്ക് കാണിക്കേണമേ

**ജനം: ആമ്മീൻ**

*<u>താഴെയുള്ളവ വാക്യം പ്രതിവാക്യമായി ചൊല്ലണം</u>*

മേൽപട്ടക്കാരൻ: ദൈവമായ കർത്താവിനെ സ്തുതിപ്പിൻ; തന്റെ ഇടവകയുടെ ഇടയനായിട്ട് തന്റെ ദാസനായ ഈ നമ്മുടെ പിതാവിനെ തിരഞ്ഞെടുത്തവനെ സ്തുതിക്കുക. എന്തെന്നാൽ സ്തുതി അവന് എന്നന്നേക്കും യോഗ്യമാകുന്നു.

**ജനം: പുണ്യവാനും സത്യ ഇടയനും ശോഭയുള്ളവനുമായ ഞങ്ങളുടെ പിതാവേ, വിശുദ്ധ ശ്ലീഹന്മാരെപ്പോലെ അങ്ങയെ ഭരമേല്പ്പിച്ചിട്ടുള്ള ആടുകളെ മേയിപ്പാനായി സമാധാനത്താലെ വരിക**

മേൽപട്ടക്കാരൻ: ബഹുമാന്യരും പുണ്യവാന്മാരുമായ അങ്ങയുടെ മുൻഗാമികളുടെ സകല പ്രയത്നഫലങ്ങളിലേക്കും അങ്ങു പ്രവേശിച്ചിരിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവരായ വിശുദ്ധ പിതാക്കന്മാരുടെ കളങ്കമില്ലാത്ത വിശ്വാസം അങ്ങ് സ്ഥിരപ്പെടുത്തിയിരിക്കുന്നു. ഇതുനിമിത്തം അവസാന കാലത്തിൽ മശിഹാതമ്പുരാൻ അങ്ങയ്ക്കു തരുവാനായി മഹത്വ കിരീടം സൂക്ഷിച്ചിരിക്കുന്നു.

**ജനം: ഹൃദയ സന്തോഷത്തോടെ പ്രകാശമുള്ള സ്ലീബായുടെ അടയാളം വഹിക്കുന്ന വാഴ്ത്തപ്പെട്ടവനായ പ്രതിനിധിയായുള്ളോവേ, സമാധാനത്താലേ വരിക.**

മേൽപട്ടക്കാരൻ: ധന്യനായുള്ളോവേ, തന്റെ ആട്ടിൻകൂട്ടത്തിൽ നിന്ന് ദൈവം അങ്ങയെ തിരഞ്ഞെടുത്തിരിക്കുന്നു. എന്തെന്നാൽ പരിപാകതയും വിശുദ്ധിയും അങ്ങയിൽ താൻ കണ്ടെത്തിയിരിക്കുന്നു. സഭയിലെ പ്രധാന ഇടയത്വവും കർത്താവ് അങ്ങയ്ക്കു നൽകിയിരിക്കുന്നു.

**ജനം: ഞങ്ങളുടെ പിതാവായുള്ളോവേ, പ്രധാന ഇടയന്റെ നിലയങ്കി അങ്ങയെ ധരിപ്പിച്ചിരിക്കുന്നു. ഇടയനായുള്ളോവേ സഭയുടെ പരിപാലനം അങ്ങയെ ഏല്പ്പിച്ചിരിക്കുന്നു. കണ്ടാലും അങ്ങയുടെ പ്രാർത്ഥനകളാൽ സഭയിലെ സകല മക്കളും സംരക്ഷിക്കപ്പെടുവാനായി അങ്ങയെ തിരഞ്ഞെടുത്ത കർത്താവിന് ഞങ്ങൾ സ്തുതി പാടുന്നു.**

ശു. ബാറെക്മോർ സ്തൗമൻകാലോസ്
ജ: കുറിയേലായിസ്സോൻ

## പ്രോമ്യോൻ

മേൽപട്ടക്കാരൻ: നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോടു അനുഗ്രഹങ്ങളും കരുണയും അപേക്ഷിക്കേണം

**ജനം: അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങളെ സഹായിക്കണമേ**

മേൽപട്ടക്കാരൻ: സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും മാഞ്ഞുപോകാത്ത മഹിമയും നിരന്തരം കരേറ്റുവാൻ ഞങ്ങൾ യോഗ്യതയുള്ളവരായിത്തീരേണമേ.

“സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകലജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ, ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെയുണ്ട്” എന്ന് ആദിമ ശിഷ്യന്മാരോടു കല്പിച്ചവനായ ഞങ്ങളുടെ മശിഹാതമ്പുരാനേ തിരുരക്തത്താൽ വീണ്ടെടുത്ത വിശുദ്ധ സഭയ്ക്കുവേണ്ടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. വിശ്വാസികളായ ജനങ്ങൾക്കു വേണ്ടിയും പട്ടക്കാർക്കു വേണ്ടിയും മേല്പട്ടക്കാർക്കുവേണ്ടിയും ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. തന്റെ ദാസന്റെ മെത്രാപ്പോലീത്താ സ്ഥാനാരോഹണ ശുശ്രൂഷ നടത്തുന്ന ഈ അവസരത്തിലും ആയുസ്സിന്റെ എല്ലാ നാളുകളിലും സ്തുതിയും സ്തോത്രവും വന്ദനവും നിനക്ക് യോഗ്യമായിരിക്കുന്നു.

ഹോശോ...

**ജനം: ആമ്മീൻ.**

## സെദറാ

മേൽപട്ടക്കാരൻ: ഉയിർത്തെഴുന്നേല്പിന്റെ ജീവകരമായ സുവിശേഷം തന്റെ മക്കളിൽ നിലനിർത്തി ഉറപ്പിക്കുന്നതിനും, അത് ലോകത്തെ അറിയിപ്പാനുമായി തിരുസഭയെ സ്ഥാപിച്ച കർത്താവേ, തിരുസഭയെപ്പറ്റി നീ ഞങ്ങൾക്ക് വെളിപ്പെടുത്തിത്തന്നിട്ടുള്ള ദിവ്യോദ്ദേശങ്ങൾക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഏകവും വിശുദ്ധവും കാതോലികവുമായ അപ്പോസ്തോലിക സഭയെ ഭിന്നതയിൽനിന്നും ദുരുപദേശത്തിൽനിന്നും ലോകമയത്വത്തിൽനിന്നും എല്ലായ്പ്പോഴും കാത്തുകൊള്ളേണമേ. “ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട” എന്നരുളിച്ചെയ്ത് അതിന്റെ പ്രവർത്തകരെ ധൈര്യപ്പെടുത്തുകയും അതിലെ വിപുല ശുശ്രൂഷ പദ്ധതികൾക്ക് വാതിൽ തുറന്ന് അതിനെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്ത കർത്താവേ, കാലാകാലങ്ങളിൽ സഭയെ നയിക്കുന്നതിന് നീ വിളിച്ചാക്കിയ ആത്മായനേതാക്കൾക്കുവേണ്ടിയും പട്ടക്കാർക്കുവേണ്ടിയും മേല്പട്ടക്കാർക്കുവേണ്ടിയും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന ഈ നിന്റെ ദാസനുവേണ്ടി ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു. നിന്റെ പരിശുദ്ധറൂഹായെ നിന്റെ ദാസന്റെ മേൽ അയയ്ക്കേണമേ. ഈ നിന്റെ ദാസനാൽ നിന്റെ അവകാശത്തിലെ ആടുകൾ നിലനിൽക്കാൻ തക്കവണ്ണം നിന്റെ ശിഷ്യന്മാരുടെ ശക്തിയിലും വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിലും പ്രധാന സഭാ പിതാക്കന്മാരുടെ വിശുദ്ധ നടപടികളിലും സുവിശേഷഘോഷണത്തിന്റെ തീക്ഷണത

യിലും മഹിമയുള്ള മേല്പട്ടക്കാരനായിരിപ്പാൻ നിന്റെ ശ്ലീഹന്മാർക്കു നൽകിയ നിന്റെ ശുദ്ധി മാന്മാരുടെ സകല അധികാരവും ഈ ദാസനു നീ നൽകേണമേ. തിരുവിഷ്ടം ഇവൻ പഠിച്ച്, പാപങ്ങൾ ഇന്നതെന്ന് തിരിച്ചറിഞ്ഞ്, നീതിന്യായങ്ങൾ മനസ്സിലാക്കി, പ്രയാസമുള്ള കാര്യ ങ്ങൾ തീർത്ത്, അന്യായത്തിന്റെ സകലകെട്ടുകളും അഴിപ്പാൻ ഇവന് അറിവും ജ്ഞാനവും നൽകേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ ആ നന്മകൾ നൽകുന്ന വനും ജ്ഞാനവും ദിവ്യദാനങ്ങളും സൗജന്യം ചെയ്യുന്നവനും നീ ആകകൊണ്ട് നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു. ഹോശോ............

**ജനം: ആമ്മീൻ.**

## ലുത്തിനിയ

നാമെല്ലാവരും ജാഗ്രതയോടും ദൈവത്തെ സന്തോഷിപ്പിക്കുന്ന ശബ്ദത്തോടും **കുറിയേലായി സ്സോൻ** എന്ന് ഏറ്റുചൊല്ലണം.

മേൽപട്ടക്കാരൻ : മീൻപിടുത്തക്കാരെ ജ്ഞാനികളാക്കി തീർക്കുകയും അജ്ഞാനികളെ പ്രകാ ശിപ്പിക്കുകയും, ഭോഷന്മാരെ സകലത്തിനും മേലുള്ള വിജ്ഞാനം അറിയിക്കുന്നവരാക്കി തീർക്കുകയും ചെയ്യുന്ന മശിഹാ തമ്പുരാനേ നിന്റെ ആട്ടിൻകൂട്ടത്തെ മേയിപ്പാനായി നീ വിളി ച്ചിരിക്കുന്ന ഈ നിന്റെ ദാസനെ അന്ത്യത്തോളം ജീവനിലേക്കു നയിക്കുന്ന ഉത്തമനായ ഭരണ കർത്താവും സത്യനേതാവുമായി നീ പൂർത്തീകരിക്കേണമെന്ന് ഞങ്ങൾ അപേക്ഷിക്കു ന്നു......................

**ജനം: കുറിയേലായിസ്സോൻ**

മേൽപട്ടക്കാരൻ : സ്വർഗീയ പിതാവേ! സത്യഇടയനും നിത്യനും സാരാംശത്തിൽ ക്ഷണിക നല്ലാ ത്തവനുമായ മശിഹാതമ്പുരാൻ ഈ നിന്റെ ദാസനെ ഭരമേല്പിച്ചിരിക്കുന്ന തിരുസഭയെ നിന്റെ പരിശുദ്ധറൂഹായ്ക്ക് വിഹിതമായ പ്രകാരം മേയ്ക്കുന്നതിന് കൃപ നൽകേണമെന്ന് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു..............................

**ജനം: കുറിയേലായിസ്സോൻ**

മേൽപട്ടക്കാരൻ : മ്ശിഹാതമ്പുരാനേ, നീ ഈ നിന്റെ ദാസന്റെ നടത്തിപ്പുകാരനും ജ്ഞാനദാ താവുമായ അവിടുത്തോടുകൂടെ അപ്പൊസ്തലികമായും ദൈവീകയോഗ്യതയോടും ഈ സഭയെ ഭരിപ്പാനും അങ്ങനെ സുകൃതമുള്ളതും കളങ്കമില്ലാത്തതുമായി തിരുമുമ്പാകെ അതിനെ നിറുത്തുവാനും കൃപ നൽകണമെന്ന് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.................

**ജനം: കുറിയേലായിസ്സോൻ**

മേൽപട്ടക്കാരൻ : കർത്താവേ, ലോകമെങ്ങുമുള്ള തിരുസഭയ്ക്കുവേണ്ടി ഞങ്ങൾ അപേക്ഷി ക്കുന്നു. അന്യോന്യം ഭിന്നിച്ചിരിക്കുന്ന ദുരവസ്ഥയിൽ നിന്ന് അതിനെ രക്ഷിക്കേണമേ. യോജി പ്പിനും സഹകരണത്തിനുമായി നടക്കുന്ന എല്ലാ ആലോചനകളേയും വിശേഷാൽ അഖില ലോകസഭാ കൗൺസിലിൽ കൂടെ നടക്കുന്ന പ്രയത്നങ്ങളെയും ഓർത്ത് പ്രാർത്ഥിക്കുന്നു. ഞങ്ങളുമായി സംസർഗ്ഗത്തിലുള്ള ആംഗ്ലേയ സഭ, ഉത്തരേന്ത്യാ സഭ, തെന്നിന്ത്യാ സഭ, പ്രത്യേക ബന്ധമുള്ള മലബാർ സ്വതന്ത്ര സുറിയാനി സഭ എന്നീ സഹോദരീ സഭ കൾക്കുവേണ്ടിയും ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു..........

**ജനം: കുറിയേലായിസ്സോൻ**

മേൽപട്ടക്കാരൻ : കർത്താവേ, നിന്റെ ജീവസുവിശേഷം ലേകത്തിലെങ്ങും പ്രചരിപ്പിക്കുന്നതി നായി നടത്തിവരുന്ന എല്ലാസ്ഥാപനങ്ങളേയും അനുഗ്രഹിക്കേണമേ! സുവിശേഷ ദൗത്യ നിർവ്വഹണത്തിൽ സഭകളും അതിലെ സ്ഥാപനങ്ങളും പുരോഗമിച്ച്, സമുദ്രം വെള്ളംകൊണ്ട് നിറഞ്ഞിരിക്കുന്നതുപോലെ ഭൂലോകമൊക്കെയും ലോകരക്ഷിതാവായ യേശുക്രിസ്തുവി നെക്കുറിച്ചുള്ള പരിജ്ഞാനംകൊണ്ട് നിറയ്ക്കണമെന്ന് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. (നാം ഉച്ചത്തിൽ 3 പ്രാവശ്യം കുറിയേലായിസ്സോൻ എന്നു ചൊല്ലണം)

**ജനം: കുറിയേലായിസ്സോൻ.............കുറിയേലായിസ്സോൻ.......................കുറിയേലായിസ്സോൻ**

## പരിശുദ്ധാത്മാവിനു വേണ്ടിയുള്ള അപേക്ഷ

മേൽപട്ടക്കാരൻ :പരിശുദ്ധാത്മാവായ ദൈവമേ, മനുഷ്യബുദ്ധിക്കുമപ്പുറമായ പരിജ്ഞാനത്തിന്റെ ഉറവയും, മനുഷ്യപുത്രന്മാർക്ക് സദുപദേശങ്ങളെ നൽകുന്നവനും നീയാകയാൽ നിന്നെ ഞങ്ങൾ നോക്കി വിളിക്കുന്നു. സഭാശുശ്രൂഷയ്ക്കായി വിളിച്ചിരിക്കുന്ന ഏവർക്കും വിശേഷാൽ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് പ്രവേശിക്കുന്ന ഈ നിന്റെ ദാസനും പരിശുദ്ധാത്മാവിന്റെ സകല നൽവരങ്ങളും നല്കേണമേ. അവർ നിഷ്കളങ്കരായി മശിഹാതമ്പുരാന്റെ സിംഹാസനമാകുന്ന ജീവന്റെ മേശയുടെ മുമ്പാകെ നിൽക്കുന്നതിനും, തിരുരാജ്യത്തിന്റെ സുവിശേഷം പ്രഖ്യാപിക്കുന്നതിനും സത്യത്തിന്റെ വചനം നിരന്തരമായി ഘോഷിക്കുന്നതിനും തിരുമുമ്പാകെ ആത്മീയയാഗങ്ങളും കാഴ്ചകളും അർപ്പിക്കുന്നതിനും, നിന്റെ ജനത്തെ ഹൃദയം പുതുക്കി രൂപാന്തരപ്പെടുത്തുന്നതിനും ഇടയാക്കണമെന്ന് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.
**ജനം: ആമ്മീൻ**

## പ്രാർത്ഥന

മേൽപട്ടക്കാരൻ : കരുണയുള്ള കർത്താവേ, നിനക്കുയോഗ്യമായിരിക്കുന്ന പ്രകാരം നിന്നെ സേവിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമെ. കണക്കുനോക്കാതെ കൊടുക്കുവാനും, മുറിവുകളെ ഗണ്യമാക്കാതെ പോരാടുവാനും വിശ്രമത്തിനായി കാംക്ഷിക്കാതെ അദ്ധ്വാനിപ്പാനും, തിരുവിഷ്ടം ചെയ്യുന്നു എന്ന് അറിയുന്നതൊഴികെ യതൊരു പ്രതിഫലവും ഇച്ഛിക്കാതെ പ്രയത്നിപ്പാനും ഞങ്ങളെ സഹായിക്കണമെന്ന് യേശുമ്ശിഹാമൂലം അപേക്ഷിക്കുന്നു.
**ജനം: ആമ്മീൻ......**

നീതിപുണ്യം ധരിച്ചവരാം – വിശുദ്ധരെ നാം ഓർക്കയിൽ
നാഥനു നാം കൂട്ടമായ് – പാടീടേണം സ്തുതിയേ
ആയവരിൽ ആദ്യൻ – അബ്രാം സുതൻ – മൂശെ
പ്രവാചകരിൽ ദാനിയേൽ ഏശായായും
ബാബെലെ ജയിച്ച– ബാലകരാം മൂവർ
സഹദേന്മാരിൽ ആദ്യനാം–പരിശുദ്ധ സ്തേഫാനോസും
ഇവർ നടുവിൽ കൂടവെ – ഈ സഭയിൻ സ്ഥാപകനാം
ഇന്ത്യയിൻ ഗുരുവരനാം മാർത്തോമ്മാ ശ്ലീഹായും

***(കാർമികൻ തെക്കോട്ട് അഭിമുഖമായി സിംഹാസനത്തിൽ ഇരിക്കുന്നു) പിന്നിട് സഭാ സെക്രട്ടറി മദ്ബഹാ വാതിൽക്കൽ നിന്നു കൊണ്ട് താഴെവരും പ്രകാരം പറയുന്നു.***

വന്ദ്യപിതാക്കന്മാരെ, മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ എപ്പിസ്കോപ്പൽ സിനഡിന്റെയും സഭാകൗൺസിലിന്റെയും തീരുമാനമനുസരിച്ച് നമ്മുടെ പിതാവായ ഗീവർഗീസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്തായെ മലങ്കര സിംഹാസനത്തിൽ മാർത്തോമ്മാ മെത്രാപ്പോലീത്തായായി ആരോഹണം ചെയ്യിക്കണമെന്ന് സഭയുടെ നാമത്തിൽ നിങ്ങളോട് അപേക്ഷിക്കുന്നു.

**കാർമികൻ:**
മാർത്തോമ്മാ സുറിയാനി സഭയുടെ വിശ്വാസങ്ങളെയും അതിന്റെ പദവികളെയും പരിപാലിക്കുന്നതിനും ചുമതല നിർവ്വഹിക്കുന്നതിനും അതിന്റെ അംഗീകരിക്കപ്പെട്ട ഭരണഘടന അനുസരിച്ച് ഭരണം നിർവ്വഹിക്കുന്നതിനും അങ്ങയ്ക്കു സമ്മതമായിരിക്കുമോ.

***(നിയുക്ത മെത്രാപ്പോലീത്താ പ്രധാന കാർമ്മികനു അഭിമുഖമായി നിന്ന് താഴെ വരുന്ന പ്രകാരം പ്രസ്താവിക്കുന്നു)***
ഗീവർഗീസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്തായായ ഞാൻ, നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു മശിഹായിലുള്ള വിശ്വാസം പുലർത്തുന്നതിനും

കർത്താവും അപ്പോസ്തലന്മാരും പിതാക്കന്മാരും സഭയെ ഭരമേല്പിച്ചിട്ടുള്ള വിശുദ്ധ സത്യങ്ങളെയും ഉപദേശങ്ങളെയും സ്ഥിരോത്സാഹത്തോടെ പഠിപ്പിച്ച് ഘോഷിക്കുന്നതിനും താത്പര്യമുള്ളവനായിരിക്കും. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ വിശ്വാസങ്ങളെയും ആചാരങ്ങളേയും ഭേദം വരുത്താതെ സുക്ഷിക്കുന്നതിനും, സഭയുടെ അംഗീകൃതമായ ഭരണഘടന അനുസരിച്ചും, യഥാകാലം നിയമാനുസരണം അതിൽ വരുത്തുന്ന വ്യത്യാസങ്ങൾ സ്വീകരിച്ചും മലങ്കര സഭയിലെ ഭരണ ശുശ്രൂഷ ഞാൻ നിർവ്വഹിച്ചുകൊള്ളുന്നതാണ്. നമ്മുടെ ചുമതലയിൽ ദൈവം ഭരമേല്പിക്കുന്ന ഭദ്രാസന ഇടവകകളെയും സഭയിലെ പട്ടക്കാരെയും ജനങ്ങളെയും പ്രാർത്ഥനയിൽ ദൈവമുമ്പാകെ വഹിക്കുകയും അവരെ എല്ലാ സത്യത്തിലും സൗമ്യതയിലും പരിപാലിക്കുകയും നിർമ്മല സുവിശേഷത്തിന്റെ വെളിച്ചത്തിലേക്ക് സകലരേയും കൊണ്ടുവരുന്നതിന് ഞാൻ യത്നിക്കുകയും ചെയ്യും. സഭയുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശു മശിഹായോടു ഞാൻ കണക്ക് ബോധിപ്പിക്കുവാനുള്ളവനാകുന്നു എന്ന ഓർമ്മയോടെ എന്റെ ചുമതലകൾ നിർവ്വഹിക്കും. താൻ മാത്രം മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനും അസാധ്യകാര്യങ്ങൾ സാധ്യമാക്കിതീർക്കുവാൻ കഴിവുള്ളവനുമായ ദൈവം തമ്പുരാൻ ഇതിന് എന്നെ സഹായിക്കട്ടെ.

<u>പ്രാർത്ഥന</u>

മേൽപട്ടക്കാരൻ: എല്ലാ നല്ല ദാനങ്ങളുടെയും ദാതാവായ സർവ്വശക്തനായ ദൈവമേ, തിരുസഭയിൽ നിന്റെ പരിശുദ്ധാത്മാവ് മുഖാന്തരം വിവിധ സ്ഥാനങ്ങളിൽ അപ്പോസ്തലന്മാരായും പ്രവാചകന്മാരായും ഉപദേഷ്ടാക്കന്മാരായും നിന്റെ ശുശ്രൂഷക്കാരെ വിളിച്ച് നിയോഗിച്ചിരിക്കുന്ന കർത്താവേ, മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് വിളിച്ചിരിക്കുന്ന ഈ നിന്റെ ദാസനെ കരുണയോടെ ദർശിക്കേണമേ. നിന്റെ തിരുനാമത്തിന്റെ മഹത്വത്തിനും തിരുസഭയുടെ കെട്ടുപണിക്കും തന്നെ വിളിച്ചിരിക്കുന്ന സ്ഥാനത്ത് വാക്കിലും പ്രവൃത്തിയിലും വിശ്വസ്തതയോടെ നിന്നെ സ്നേഹിക്കുന്നതിനും സത്യത്തിന്റെ പരിജ്ഞാനത്താൽ ഈ നിന്റെ ദാസനെ ശക്തിപ്പെടുത്തേണമേ. ജീവിത നൈർമ്മല്യത്താൽ അലങ്കരിക്കേണമേ. സഭയിൽ സ്ഥാനത്തിലും ബഹുമാനത്തിലും നിന്റെ ദാസൻ മററുള്ളവരെക്കാൾ ഉയർന്നിരിക്കുന്നതുപോലെ വിശുദ്ധിയിലും സൽപ്രവൃത്തികളിലും ഉന്നതപ്പെട്ടിരിക്കേണമേ. കർത്താവായ യേശുമശിഹായുടെ നാമത്തിൽ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ജനം: ആമ്മീൻ......**

***മലങ്കര സിംഹാസനത്തിന്മേൽ ആരോഹണം ചെയ്യുവാൻ ക്ഷണിക്കുന്നു***
***സഭാ സെക്രട്ടറി നിയുക്ത മെത്രാപ്പോലീത്തായുടെ കൈമുത്തി സിംഹാസനത്തിലേക്ക് ആനയിക്കുന്നു. സിംഹാസനത്തിൽ കിഴക്കോട്ട് അഭിമുഖമായി ഇരിക്കുന്നു***

**കാർമ്മികൻ:**
ഗീവർഗീസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്താ, ....................... മാർത്തോമ്മാ മെത്രാപ്പോലീത്തായായി സ്ഥാനാരോഹണം ചെയ്യപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും തിരുമാനത്തിൽ തന്നെ...... ബശ്മോദാബോ.........

**കാർമ്മികൻ:**
അത്യുന്നതനായ ദൈവത്തിന്റെ കരുണാപൂർണ്ണമായ പരിപാലനത്തിൽ അങ്ങയെ ഞങ്ങൾ ഭരമേല്പിക്കുന്നു, ജനങ്ങൾ അങ്ങയെ ബഹുമാനിക്കട്ടെ. ദൈവം അങ്ങയെ സഹായിക്കട്ടെ. അങ്ങയുടെ പ്രാർത്ഥനകളും അപേക്ഷകളും സ്വർഗ്ഗസ്ഥനായ പിതാവ് കേൾക്കട്ടെ. ബഹുമാനവും, വിശുദ്ധിയും, പരിജ്ഞാനവും മഹാമനസ്കതയും നീതിയും സത്യവും താഴ്മയും ദൈവഭക്തിയും കൊണ്ട് സർവ്വശക്തൻ അങ്ങയെ അലങ്കരിക്കട്ടെ. സഭ അങ്ങയുടെ മാതാവും വിശുദ്ധദൂതന്മാർ സഖികളും അപ്പോസ്തലന്മാർ സഹോദരങ്ങളും ആയിരിക്കട്ടെ. വലത്തും ഇടത്തും ദൂതന്മാർ അങ്ങേയ്ക്ക് കാവലായിരിക്കട്ടെ. എന്നന്നേക്കും

ഏകമായിരിക്കുന്ന സത്യ ത്രിയേക ദൈവത്തിന്റെ നാമത്തിൽ അങ്ങ് അനുഗ്രഹീതനായിരിക്കട്ടെ.

***കാർമ്മികൻ മുടി അണിയിച്ച ശേഷം അംശവടി നൽകുന്നു***

മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ മെത്രാപ്പോലീത്തായുടെ അംശവടി സ്വീകരിക്കുക. വഴിതെററിപ്പോകുന്നവരെ തിരികെ വരുത്തുക. ബലഹീനരെ താങ്ങുക. ഉദാസീനരെ ഉത്സാഹിപ്പിക്കുക. ആട്ടിൻകൂട്ടത്തെ മേയിക്കുക. എപ്പിസ്കോപ്പാമാർക്കും പട്ടക്കാർക്കും തിരുസഭയിലെ ജനങ്ങൾക്കും കർത്താവിൽ പിതാവായിരിക്കുക. തിരുരക്തത്താൽ സഭയെ വീണ്ടെടുത്ത ആട്ടിൻ കൂട്ടത്തിന്റെ ഉടയവൻ അങ്ങയെ ഇതിനു സഹായിക്കട്ടെ.

***ജനങ്ങൾ എഴുന്നേററുനിൽക്കുന്നു***
***കാർമ്മികൻ പടിഞ്ഞാറോട്ട് തിരിഞ്ഞു നിൽക്കുന്നു.***

**........................ മാർത്തോമ്മാ മെത്രാപ്പോലീത്താ ഉത്തമനും യോഗ്യനുമാകുന്നു.**
**ജനം: ഓക്സിയോസ്...................ഓക്സിയോസ്.................ഓക്സിയോസ്........................**
***(മൂന്നു പ്രാവശ്യം)***

**മെത്രാപ്പോലീത്താ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് ഏവൻഗേലിയോൻ വായിക്കുന്നു.**
(വി. യോഹന്നാൻ 10:1–5; 11–15)

***മെത്രാപ്പോലീത്തായിൽ നിന്നു മേല്പട്ടക്കാർ കയ്യസൂരി വാങ്ങുകയും മദ്ബഹായിലുള്ള പട്ടക്കാരും അത്മായ പ്രതിനിധികളും കൈമുത്തുകയും ചെയ്യുന്നു. തുടർന്ന് മെത്രാപ്പോലീത്താ ജനത്തെ ആശീർവദിക്കുന്നു.***

നല്ലവനും ജ്ഞാനിയുമായുള്ളോ
രിടയനേ വരിക തിരുസഭയിൽ
നല്ലവരാം ശ്ലീഹരടിസ്ഥാനേ
ഞങ്ങളേ സ്ഥിരമാക്കീടണമേ
നല്ലൊരു പുൽമാലിയിലേയ്ക്കും
ശാന്ത ജലാശയമതിലേയ്ക്കും
അല്ലലകററി മേയിക്ക
ഇല്ലൊരു കുറവിനി ഞങ്ങൾക്ക്
വല്ലഭനേ നടത്തീടണമേ... ബാറെക്മോർ

ദേവേശാ നിന്നെ വിളിച്ചീടും
പാപികളിൽ കനിയുന്നോനേ
കോപത്തിൻ വടിയും ശിക്ഷയും നീ
ദയയാൽ ഞങ്ങളിൽ നിന്നൊഴിച്ച്
നൽകേണം പുതു വർഷങ്ങൾ
നിന്നുടെ ക്രൂശിൻ മഹത്വത്താൽ
ദുഷ്ടനെ ഓടിച്ചീടണമേ
കൃപയെ ഞങ്ങൾ സ്തുതിക്കുന്നു
മശിഹാ രാജാവേ സ്തോത്രം... ബാറെക്മോർ

**പ്രസംഗം –മെത്രാപ്പോലീത്താ**

***(തുടർന്ന് മെത്രാപ്പോലീത്താ വിശുദ്ധ കുർബ്ബാന ശുശ്രൂഷ പൂർത്തിയാക്കും)***

# ഗീതങ്ങൾ

**I**

സഭയ്ക്കേകൊടിസ്ഥാനം
തൻ കാന്തനാം ക്രിസ്തു
വെള്ളം വചനം മൂലം
അവൾ പുതുസൃഷ്ടി
അവളെ വേൾക്കാൻ വാനം
വെടിഞ്ഞു താൻ തേടി
തൻ രക്തം ചൊരിഞ്ഞതാൽ
ജീവൻ അവൾ നേടി

നാനാജാതിക്കാരെന്നാൽ
ഒന്നവർ ഈ ഭൂമൗ
നീട്ടൊന്നത്രെ രക്ഷയ്ക്കു
കർത്തൻ വിശ്വാസവും
ജനനം സ്തുതി ഒന്നു
വിശുദ്ധ ഭോജനം
ഏകാശ അവർ ലാക്ക്
കൃപയാൽ നിറഞ്ഞു

ലോകർക്കാശ്ചര്യം, നിന്ദ
പീഢ, ഞെരുക്കവും
ശിശ്മ, ഇടത്തൂടാലും
ഭിന്നിച്ചും കാൺകയാൽ
ശുദ്ധർ നോക്കി കരയും
എത്ര നാൾക്കീ വിധം
വേഗം വ്യാകുലം മാറും
വരും നിത്യാനന്ദം

പോരാട്ടം സങ്കടങ്ങൾ
പ്രയത്നം ഇരിക്കെ
വാഞ്ചിക്കുന്നുണ്ടീ സഭ
പൂർണ്ണ ശാന്തതയെ
കാത്തിരിക്കും മഹത്വം
ദർശിക്കും നാൾ വരെ
ജയം കൊള്ളും മാ സഭ
ആശ്വസിക്കും വരെ

ഭൂവിൻ ത്രിയേകനോടു
സംസർഗ്ഗം സഭയ്ക്കു
ജയിച്ച ശുദ്ധരോടു
രഹസ്യ കൂട്ടായ്മ
ഹാ ശുദ്ധർ, ഭാഗ്യവാന്മാർ!
ഞങ്ങളും അവർ പോൽ
സ്വർഗ്ഗേ താഴ്മയായ് വാസം!
ചെയ്യാൻ അരുൾ കർത്താ

**II**

***MUKTI DILAYE YESHU NAAM (Hindi)***

Mukti Dilaye Yeshu Naam
Shanti Dilaye Yeshu Naam
Yeshu Daya Ka Behta Sagar
Yeshu Hai Data Mahan,
Yeshu Hai Data Mahan

Charni Mai Tune Janam Liya Yeshu
Suli Pe Kiya Wishraam,
Suli Pe Kiya Wishraam

Krus Pe Aapna Khun Bahaya
Sara Chukaya Daam,
Sara Chukaya Daam

Hum Sab Ke Paapo Ko Mitane
Yeshu Hua Balidaan,
Yeshu Hua Balidaan

Hum Per Bhi Yeshu Kripa Karna
Hum Hai Papi Nihaal,
Hum Hai Papi Nihaal

**III**

ആബൂൻ ദ് ബശ്മായോ
മലങ്കരയിൽ മാറൊലി കൊള്ളുന്ന
മാർതോമ്മയിൻ പുണ്യ സിംഹാസനം
വചനത്തിൻ പ്രഭയാൽ വിശ്വത്തിലാകെ
ഇടയവഴിയെ സഭയെ നേടുവാൻ

നവ മാർത്തോമ്മാ ശുഭമാക
മാർ ……………….………… വാഴ്ക
ആബൂൻ ദ് ബശ്മായോ

ആത്മീക ശാഖയിൽ നവോഥാനമാകുവാൻ
നവയുഗം നവീനമാക്കുവാൻ
പൂർവികരേകിയ ദർശന സാഫല്യം
സ്നേഹലോകം സാധ്യമാക്കിടാൻ
വചനത്തിരിയാൽ ഒന്നായി എരിയാം
ദൈവരാജ്യം സാദ്ധ്യമാക്കിടാം

നവീകരണ കാഹളം ഇമ്പമായ് മുഴങ്ങുവാൻ
ദൈവനീതി ജീവനാകുവാൻ
ക്രൂശിന്റെ പാതയിൽ
സ്നേഹം ചൊരിഞ്ഞിടാൻ
മുമ്പനായ് സഭയെ നയിച്ചിടാൻ
നിറമനമോടെ ആദരവോടെ
സഭാജനങ്ങൾ പ്രാർത്ഥിക്കുന്നിതാ

## IV

തോബശലോം ആബൂൻ സഹ് യോ
............... മാർ–ത്തോമ്മാ റോയോ–ഗബ് യോ
ഓനൊക് – ലാ – ഹസോ–സോക് സഹ് യോ–
വൽബു റുക്കോ സോക് ഹിമ് സക് യൊ

ലാലോഹോ മൗത് യോ–ദഗ്ബൊക് ലോ റോയോ
വ്ബശ്മൊക് ഹവ് ഫായോ ഫസീ ഹോ വ്ഹൊദ് യോ
മേക്കിൽ നെഖ് യെബ്–കൂലെ ഹൈലാൻ
നീഹെ ആബൂൻ മാർ–ത്തോമ്മാ
നേസ്മാലെ ബേ സൂക്കോയാൻ

സ്വാഗതമേ നല്ലോരിടയാ
.............. താതാ വരിക
മോഹിച്ചിടുന്നജസംഘം
ദർശനമതിനും വാഴ്‌വിന്നും

ഓതുന്നു സ്തോത്രം ഞങ്ങൾ നാഥനായി
തൻതിരു ബഹുകൃപകൾ അങ്ങേക്കേകാൻ
ആർക്കുന്നെങ്ങൾ ഉച്ചസ്വരത്തിൻ
നീണാൽ വാഴുക മാർത്തോമ്മാ
പ്രാപിക്കട്ടെ ഭാവുകങ്ങൾ

## V

Jesus, keep me near the cross,
There a precious fountain—
Free to all, a healing stream—
Flows from Calv’ry’s mountain.

*In the cross, in the cross,*
*Be my glory ever;*
*Till my raptured soul shall find*
*Rest beyond the river.*

Near the cross, a trembling soul,
Love and Mercy found me;
There the bright and morning star
Sheds its beams around me.

Near the cross! O Lamb of God,
Bring its scenes before me;
Help me walk from day to day,
With its shadows o’er me.

Near the cross I’ll watch and wait
Hoping, trusting ever,
Till I reach the golden strand,
Just beyond the river.

ക്രൂശിതനാം ക്രിസ്തുവേ ക്രൂശിൽ നിന്നൊഴുകും
നീരുറവയതിൽ ഞാൻ സൗഖ്യമായിടട്ടെ

ക്രൂശിൽ താൻ കൂശിൽ താൻ
തൻമഹത്വം കണ്ടു
ശോഭ നാട്ടിൽ ചെന്നു ഞാൻ നിത്യ ജീവൻ നേടും

നിത്യ താരമാം ക്രിസ്തു അരിഷ്ടനാം എന്നെ
നിൻ കര വലയത്തിൽ കാത്തുകൊള്ളണമേ

മുറിവേററ കുഞ്ഞാടേ നിൻ ക്രൂശിൻ തണലിൽ
ദിനം തോറും എന്നെ നീ നടത്തീടണമേ

ക്രൂശിൽ മാത്രം നോക്കി ഞാൻ ജീവിതം നയിപ്പാൻ
ജീവനദിക്കരെ പറന്നെത്തുവോളം